# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ് (1)

**2023 മെയ് 19**

---

## യുവതയുടെ കേരളം; വികസന ആശയങ്ങൾ നൽകി സമ്മാനം നേടാം

കേരളത്തിൻറെ സമഗ്ര വികസനത്തിന് ഉപകരിക്കുന്ന നൂതന ആശയങ്ങൾ അവതരിപ്പിച്ച് സമ്മാനം നേടാം. സംസ്ഥാന സർക്കാരിൻറെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നാഗമ്പടം മൈതാനത്ത് നടക്കുന്ന എൻറെ കേരളം പ്രദർശന വിപണന മേളയോടനുബന്ധിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആൻറ് ഇൻകുബേഷൻ സെൻററാണ് മത്സരം സംഘടിപ്പിച്ചിരിക്കുന്നത്.

സംരംഭകത്വ സാധ്യതകളും അതുവഴി യുവജന ക്ഷേമവും സംസ്ഥാനത്തിൻറെ സാമ്പത്തിക പുരോഗതിയും ലക്ഷ്യമിടുന്ന ആയിരം വാക്കിൽ കവിയാത്ത ആശയങ്ങൾ മേളയിലെ സർവകലാശാലയുടെ സ്റ്റാളിലാണ് നൽകേണ്ടത്. മത്സരത്തിന് പ്രായപരിധിയില്ല. വ്യക്തികൾക്കും ഗ്രൂപ്പുകളായും പങ്കെടുക്കാം.

തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രത്യേക സമ്മാനങ്ങൾ നൽകും. ആശയങ്ങൾ പ്രായോഗിക തലത്തിൽ നടപ്പിലാക്കാനുള്ള അക്കാദമിക്, വ്യാവസായിക സാങ്കേതിക സഹായങ്ങളും ലഭ്യമാക്കും.

(പി.ആർ.ഒ/39/529/2023)

## പ്ലാൻറ് ഫുഡ് ഹിറ്റായി; നിർമ്മലം-എം.ജി.യു ടീമിന് രാത്രിയിലും പാക്കിംഗ് തിരക്ക്

കുപ്പയിൽനിന്നെടുത്ത മാണിക്യം പോലെ മാലിന്യത്തിൽനിന്ന് തയ്യാറാക്കിയ വളം ഹിറ്റായി. ആവശ്യക്കാർ ഏറിയതോടെ രാത്രിയിലും ഉത്പന്നങ്ങൾ പാക്ക് ചെയ്യുന്ന തിരക്കിലാണ് മഹാത്മാ ഗാന്ധി സർവകലാശാലയുടെ ഹരിത പ്രോട്ടോക്കോൾ പദ്ധതിയായ നിർമ്മലം -എം.ജി.യുവിൻറെ പ്രവർത്തകർ.

കോട്ടയം നാഗമ്പടത്ത് നടക്കുന്ന എൻറെ കേരളം പ്രദർശന വിപണന മേളയിലെ മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്റ്റാളിൽ കംപ്ലീറ്റ് പ്ലാൻറ് ഫുഡ് എന്ന പേരിലുള്ള

വളത്തിൻറെ 200 പാക്കറ്റുകളാണ് രണ്ടു ദിവസംകൊണ്ട് വിറ്റഴിഞ്ഞത്. കമ്പോസ്റ്റ്, ചകിരിച്ചോർ, ചാണകപ്പൊടി, കടലപ്പിണ്ണാക്ക്, വേപ്പിൻ പിണ്ണാക്ക്, ചാരം, എല്ലുപൊടി തുടങ്ങിയവ ഉൾപ്പെട്ട ചെടികളുടെ വളർച്ചയ്ക്ക് സഹായകമായ മിശ്രിതമാണിത്.

സ്റ്റാളിലെ വിൽപ്പന ഏറിയതോടെ സർവകലാശാലയിലെ ഗ്രീൻ ലാബ് രാത്രിയിലും സജീവമായി. അടുത്ത ദിവസം സ്റ്റാളിലെത്തിക്കേണ്ട പാക്കറ്റുകൾ നിറയ്ക്കുന്ന തിരക്കിലാണ് ഇവിടെ വിദ്യാർഥികൾ.

ചകിരിച്ചോർ കംപോസ്റ്റിനൊപ്പം കംപ്ലീറ്റ് പ്ലാൻറ് ഫുഡും ചേർന്ന കോകോപീറ്റ് കംപോസ്റ്റാണ് വിൽപ്പനയ്ക്കുള്ള മറ്റൊരു ഉത്പന്നം. സർവകലാശാലയിലെ എയ്റോബിക് കംപോസ്റ്റ് യൂണിറ്റുകളിൽനിന്നുള്ള കംപോസ്റ്റ് നിറച്ച പ്ലാൻറ് നൗ പോട്ടുകൾ, പോട്ടിംഗ് മിക്സ്ചർ, പച്ചക്കറി തൈകൾ, വിത്തുകൾ, പോട്ട് സ്റ്റാൻറുകൾ, തുടങ്ങിയവയുമുണ്ട്.

കരിയിലകൾ ശേഖരിച്ച് പൊടിച്ച് കൃഷിക്ക് ഉപയോഗിക്കാൻ ഉപകരിക്കുന്ന ഡ്രൈ ലീഫ് കംപോസ്റ്ററിനും ഇതിനോടകം ഏറെ ബുക്കിംഗ് ലഭിച്ചു.

സർവകലാശാലയിലെ വിവിധ വകുപ്പുകളിലെ വിദ്യാർഥികളും നാഷണൽ സർവീസ് സ്കീമിൻറെ വിവിധ യൂണിറ്റുകളിലെ വോളണ്ടിയർമാരുമാണ് നിർമ്മലം- എം.ജി.യുവിൻറെ പ്രവർത്തനങ്ങളിൽ സജീവമായുള്ളതെന്ന് സർവകലാശാലാ എസ്റ്റേറ്റ് ഓഫീസർ കെ.എൻ. സജീവ് പറഞ്ഞു.

**ഫോട്ടോ ക്യാപ്ഷൻ...........**
മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഗ്രീൻ ലാബിൽ എൻറെ കേരളം പ്രദർശന- വിപണന മേളയിൽ വിൽക്കുന്നതിനായി വോളണ്ടിയർമാർ ഉത്പന്നങ്ങൾ പാക്ക് ചെയ്യുന്നു.

(പി.ആർ.ഒ/39/530/2023)

## എം.ജിയിൽ പ്രോജക്ട് ഫെലോ; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ബയോസയൻസസിൽ സ്റ്റേറ്റ് യൂണിവേഴ്സിറ്റി റിസർച്ച് എക്സലൻസ്(SERB-SURE)പരിപാടിയിലെ പ്രോജക്ടിൽ ജൂണിയർ റിസർച്ച് ഫെലോയുടെ ഒരു താത്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.

മൂന്നു വർഷത്തേക്ക് അല്ലെങ്കിൽ ഗവേഷണ പരിപാടി അവസാനിക്കുന്നത് വരെയാണ് നിയമനം. അംഗീകൃത സർവകലാശാലയിൽനിന്ന് കുറഞ്ഞത് 75 ശതമാനം മാർക്കോടെ കെമിസ്ട്രിയിലോ ബയോ കെമിസ്ട്രിയിലോ എം.എസ്.സിയും യു.ജി.സി/ സി.എസ്.ഐ.ആർ നെറ്റ്(ജെ.ആർ.എഫ് അല്ലെങ്കിൽ എൽ.എസ്)/ഗേറ്റ് യോഗ്യതയും ഉള്ളവരെയാണ് പരിഗണിക്കുന്നത്.

കുറഞ്ഞത് ഒരു വർഷത്തെ ഗവേഷണ പരിചയവും രണ്ട് പ്രമുഖ ജേണലുകളിൽ രണ്ടു പബ്ലിക്കേഷനും ഉള്ളവർക്ക് മുൻഗണന ലഭിക്കും. പ്രതിമാസ ഫെലോഷിപ്പ് തുക 31000 രൂപ.

കവറിംഗ് ലെറ്ററും സി.വിയും ഉൾപ്പെടുന്ന പി.ഡി.എഫ് ഫോർമാറ്റിലുള്ള അപേക്ഷ മെയ് 31ന് മുൻപ് 2622@mgu.ac.in എന്ന വിലാസത്തിലേക്ക് അയയ്ക്കണം. ചുരുക്കപ്പട്ടികയിൽ

ഉൾപ്പെടുന്നവരിൽനിന്ന് അഭിമുഖത്തിൻറെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ് നടത്തുക.

(പി.ആർ.ഒ/39/531/2023)

## എം.ജി. പ്രവേശന പരീക്ഷ ഇന്നും നാളെയും

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലെയും, ഇൻറർ സ്കൂൾ സെൻററുകളിലെയും പി.ജി. പ്രോഗ്രാമുകളുടെ പ്രവേശന പരീക്ഷകളും(എം.എ ലൈഫ് ലോംഗ് ലേണിംഗ് പ്രോഗ്രാം ഒഴികെ), പി.എച്ച്.ഡി അഭിരുചി പരീക്ഷയും ഇന്നു നാളെയും(മെയ് 20,21) നടക്കും. അപേക്ഷകർ അതത് വെബ്സൈറ്റുകളിൽ നിന്ന് ഹാൾ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത് പരീക്ഷയ്ക്ക് ഹാജരാകണം.

ഫോൺ നമ്പരുകൾ- ക്യാറ്റ് പരീക്ഷ: 0481 2733595, ഇ-മെയിൽ: cat@mgu.ac.in, പി.എച്ച്.ഡി പരീക്ഷ: ഫോൺ- 0481 2733568, ഇ-മെയിൽ: aca14@mgu.ac.in

(പി.ആർ.ഒ/39/532/2023)

## സിവിൽ സർവീസ് കോച്ചിംഗ്

മഹാത്മാ ഗാന്ധി സർവകലാശാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൂൺ ഒന്നിന് ആരംഭിക്കുന്ന പ്രിലിംസ് കം മെയിൻസ് കോച്ചിംഗ് റഗുലർ, ഈവനിംഗ്, ഫൗണ്ടേഷൻ ബാച്ചുകളിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് മെയ് 22 മുതൽ 26 വരെ സ്പോട്ട് അഡ്മിഷൻ നടത്തും. പത്താം ക്ലാസ് മുതൽ യോഗ്യതയുള്ളവർക്ക് പ്രവേശനം നേടാം. എസ്.സി,എസ്.ടി വിഭാഗക്കാർക്ക് 20000 രൂപയും മറ്റു വിഭാഗങ്ങൾക്ക് 40000 രൂപയുമാണ് കോഴ്സ് ഫീസ്. ഫോൺ: 9188374553.

(പി.ആർ.ഒ/39/530/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ജൂൺ അഞ്ചിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ ബി.വോക്(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019,2018 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ന്യു സ്കീം), നാലാം സെമസ്റ്റർ ബി.വോക് കളിനറി ആർട്സ് ആൻറ് ഹോസ്പിറ്റാലിറ്റി മാനേജ്മെൻറ്(2021 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് മെയ് 25 വരെ ഫീസടച്ച് അപേക്ഷ നൽകാം.

മെയ് 26ന് ഫൈനോടു കൂടിയും മെയ് 27 ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

വിശദമായ ടൈംടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/531/2023)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ ബി.ടെക്(ന്യു സ്കീം - 2010 മുതലുള്ള അഡ്മിഷനുകൾ സപ്ലിമെൻററിയും മെഴ്സി ചാൻസും - നവംബർ 2022) പരീക്ഷകൾ ജൂൺ രണ്ടിന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/532/2023)

## പരീക്ഷാ ഫലം

2022 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ്.സി ആർട്ടിഫിഷ്യൽ ഇൻറലിജൻസ്(പി.ജി.സി.എസ്.എസ് - റഗുലറും സപ്ലിമെൻററിയും) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂൺ രണ്ടു വരെ ഫീസടച്ച് ഓൺലൈനിൽ അപേക്ഷിക്കാം.

.........................

ഒന്നാം സെമസ്റ്റർ എൽ.എൽ.എം(2021 അഡ്മിഷൻ റഗുലർ - നവംബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ജൂൺ രണ്ടു വരെ ഫീസടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

..........................

രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബി.കോം എൽ.എൽ.ബി(ഓണേഴ്സ് - 2020 അഡ്മിഷൻ റഗുലർ - ജൂൺ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ ജൂൺ മൂന്നു വരെ ഫീസടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/533/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**